'ഭരണഭാഷ-മാതൃഭാഷ'

**കേരള സർക്കാർ**

**സംഗ്രഹം**

ധനകാര്യ വകുപ്പ് - ബജറ്റ് വിഹിതം 2025-26 - ഇരിക്കൂർ ബ്ലോക്ക് പഞ്ചായത്തിന് 2023-24 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കിയ പദ്ധതികളുടെ ഭാഗമായി ഗുണഭോക്താവിന് നൽകിയതും ട്രാൻസ്ഫർ ക്രെഡിറ്റാകാതെ സർക്കാരിലേയ്ക്ക് തിരികെ പോയതുമായ തുക പുനരനുവദിച്ച് ഉത്തരവാകുന്നു.

---

**ധനകാര്യ (എസ്.എഫ്.സി.സെൽ-എ) വകുപ്പ്**

സ.ഉ.(സാധാ)നം. 3379/2025/ധന തീയതി,തിരുവനന്തപുരം, 04-04-2025

---

പരാമർശം : 1. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 24.07.2024 തീയതിയിലെ LSGD/PD/26608/2024-PE5 നമ്പർ കത്ത്.
2. 21.08.2024 തീയതിയിലെ ശ്രീകണ്ഠപുരം സബ് ട്രഷറി ഓഫീസറുടെ സാക്ഷ്യപത്രം.
3. സ.ഉ.(പി) നം.86/2016/ധന തീയതി. 17.06.2016

**ഉത്തരവ്**

ഇരിക്കൂർ ബ്ലോക്ക് പഞ്ചായത്ത് 2023-24 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കിയ പ്രോജക്ട് നമ്പർ 6/24 'പട്ടികജാതി വിദ്യാർത്ഥികൾക്ക് നൈപുണ്യവികസനം' പദ്ധതി പ്രകാരം അസാപ് കേരള എന്ന സ്ഥാപനത്തിന് നൽകേണ്ടതും ബാങ്ക് അക്കൗണ്ട് നമ്പർ രേഖപ്പെടുത്തിയതിലെ അപാകത മൂലം ട്രാൻസ്ഫർ ക്രെഡിറ്റാകാതെ സർക്കാരിലേക്ക് തിരികെ പോയതുമായ 2,77,500/- രൂപ പുനരനുവദിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ടുള്ള ഇരിക്കൂർ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ അപേക്ഷ തുടർനടപടികൾക്കായി പ്രിൻസിപ്പൽ ഡയറക്ടർ പരാമർശം (1) പ്രകാരം സർക്കാരിന് ലഭ്യമാക്കിയിട്ടുണ്ട്.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും, പരാമർശം (2) പ്രകാരം ശ്രീകണ്ഠപുരം സബ് ട്രഷറി ഓഫീസർ ലഭ്യമാക്കിയ സാക്ഷ്യപത്രത്തിന്റെയും പരാമർശം (3) പ്രകാരമുള്ള ഉത്തരവിന്റെയും അടിസ്ഥാനത്തിൽ, ഇരിക്കൂർ ബ്ലോക്ക് പഞ്ചായത്ത് 2023-24 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കിയ 'പ്രോജക്ട് നമ്പർ 6/24 പ്രകാരം 'പട്ടികജാതി വിദ്യാർത്ഥികൾക്ക് നൈപുണ്യവികസനം' പദ്ധതി പ്രകാരം അസാപ് കേരള എന്ന സ്ഥാപനത്തിന് ലഭിക്കേണ്ട തുക ബാങ്ക് അക്കൗണ്ടിലെ അപാകത മൂലം ട്രാൻസ്ഫർ ക്രെഡിറ്റാകാതെ സർക്കാരിലേക്ക് തിരികെ പോയ തുകയായ

2,77,500/- രൂപ (രണ്ട് ലക്ഷത്തി എഴുപത്തേഴായിരത്തി അഞ്ഞൂറ് രൂപ മാത്രം) 2025 - 26 സാമ്പത്തിക വർഷത്തെ '3604-00-200-81-(09)-35 ' എന്ന ശീർഷകത്തിൽ നിന്നും ഇരിക്കൂർ ബ്ലോക്ക് പഞ്ചായത്തിന് (B130400) പുനരനുവദിച്ച് ഉത്തരവാകുന്നു.

3) മേൽ തുക ബന്ധപ്പെട്ട സ്ഥാപനത്തിന്റെ അക്കൗണ്ടിലേക്ക് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി അടിയന്തരമായി കൈമാറേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**സുരേഷ് കുമാർ ഒ.ബി.**
**ജോയിന്റ് സെക്രട്ടറി**

സ്വീകർത്താക്കൾ

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്-I), കേരള, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്- II), കേരളം, തിരുവനന്തപുരം
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം
പ്രിൻസിപ്പൽ ഡയറക്ടർ തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
പ്രസിഡന്റ്/ സെക്രട്ടറി ഇരിക്കൂർ ബ്ലോക്ക് പഞ്ചായത്ത്, കണ്ണൂർ
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
ഡയറക്ടർ, വിവര പൊതുജന സമ്പർക്ക വകുപ്പ്, തിരുവനന്തപുരം
തദ്ദേശ സ്വയംഭരണ (എഫ്.എം) വകുപ്പ്
നോഡൽ ഓഫീസർ, ധനകാര്യ വകുപ്പ്
ധനകാര്യ (ബി.ഡബ്ല്യു-ജെ / ഡെവലപ്മെന്റ് വിംഗ്/ എസ്.എസ് ) വകുപ്പ്
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ് (ഇ- 2891173)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ